(സി) ഈ പഞ്ചായത്തുകളിൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനുവേണ്ട സത്വര നടപടികളും സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്ത് ഒമ്പതും 1001 പഞ്ചായത്തുകളാണുള്ളത്. ഇതിൽ 997 പഞ്ചായത്തുകളിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ ഇനങ്ങളിൽ ഡിസ്പെൻസറികളോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ, ആശുപത്രികളോ പ്രവർത്തിക്കുന്നുണ്ട്.

(ബി) താഴെ പറയുന്ന പഞ്ചായത്തുകളിൽ ഗവൺമെന്റ് ഡിസ്പെൻസറികളോ മറ്റ് ആരോഗ്യ സ്ഥാപനങ്ങളോ ഇല്ല.

1. അടാട്ട് പഞ്ചായത്ത് — തൃശ്ശൂർ ജില്ല
2. വള്ളത്തോൾ നഗർ — തൃശ്ശൂർ ജില്ല
3. മടവൂർ പഞ്ചായത്ത് — കോഴിക്കോട് ജില്ല
4. നൂൽപ്പുഴ പഞ്ചായത്ത് — വയനാട് ജില്ല

(സി) അലോപ്പതി വിഭാഗത്തിൽ ഡിസ്പെൻസറികളും സ്ഥാപിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിനു പകരം 30,000 ജനസംഖ്യയിൽ കുറയാതെയുള്ള പഞ്ചായത്തുകളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ ആയുർവ്വേദ/ഹോമിയോ ഡിസ്പെൻസറികളോ അർഹതയുണ്ടെങ്കിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ ആരംഭിക്കുന്നതിനു സത്വരനടപടികളും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

1986-87-ലെ പദ്ധതി വിഹിതം

* 7 [8] ശ്രീ. ജി. വരദൻ :
,, പി. കുമാരൻ :
,, ലോനപ്പൻ നമ്പാടൻ :
,, എ. വി. താമരാക്ഷൻ :
,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പദ്ധതിയുടെ രണ്ടാം വർഷമായ 1986-87-ലേക്ക് എത്ര കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്കാണ് കേന്ദ്രാനുമതി തേടിയിരുന്നത് ;

(ബി) ഇതിൽ എത്രകോടി രൂപയുടെ പദ്ധതി കേന്ദ്രം അനുവദിച്ചു ;

(സി) അതിൽ കേന്ദ്രത്തിന്റെ വിഹിതമെത്ര ; സംസ്ഥാന വിഹിതമെത്ര ;

(ഡി) പദ്ധതിയുടെ ഒന്നാം വർഷത്തേയ്ക്ക് എത്ര രൂപ വകയിരുത്തിയിരുന്നു. അതിൽ എത്ര രൂപ ചെലവാക്കി ;

(ഇ) 1986-87-ൽ പുതുതായി അംഗീകരിച്ച പദ്ധതികളേതെല്ലാമെന്നും പുതിയ പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രവീതമെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1986-87-ലെ വാർഷിക പദ്ധതിക്ക് സംസ്ഥാനത്തുനിന്നും കൂടുതലായി ഉണ്ടാക്കേണ്ട സംഖ്യ എങ്ങിനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ജി) എട്ടാം ധനകാര്യ കമ്മീഷൻ വിധി കേരളത്തിന് ദോഷമായതിനാൽ അത്തരം നഷ്ടം നികത്തിത്തരാൻ കേന്ദ്രം പദ്ധതി വിഹിതത്തിൽ സഹായിച്ചിട്ടുണ്ടോ ;

(എച്ച്) അഖിലേന്ത്യാടിസ്ഥാനത്തിൽ 1986-87 പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഐ) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ ;

(ജെ) സംസ്ഥാനത്തെ വാർഷിക പദ്ധതിയിൽ 1985-86-നെ അപേക്ഷിച്ച് 1986-87 വർഷത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(കെ) ഇൻഡ്യയിലെ ഏത് സ്റ്റേറ്റിനാണ് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 1986-87 വർഷത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടായത് ; ഈ വർദ്ധനവ് എത്ര ശതമാനം എന്നു വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 435 കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് കേന്ദ്രാനുമതി തേടിയിരുന്നത്.

(ബി) 390 കോടി രൂപ

(സി) കേന്ദ്രവിഹിതം ഏകദേശം 280 കോടി രൂപ സംസ്ഥാന വിഹിതം 110 കോടി രൂപ.

(ഡി) 355 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ എത്ര കോടി രൂപ ചിലവാക്കിയെന്നും അന്തിമമായി വിലയിരുത്തിയിട്ടില്ല. 366 കോടി രൂപ ചിലവാക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ഇ) ബഡ്ജറിന്റെ കൂടെ അവതരിപ്പിക്കുന്ന രണ്ടാംവർഷ പരിപാടിയിൽ ഇതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയിട്ടുണ്ട്.

(എഫ്) നികുതിയിനത്തിൽ സ്വാഭാവികമായി ഉണ്ടാവുന്ന വർദ്ധനവിനു പുറമെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും, കർശനമായ ചിലവു ചുരുക്കൽ മൂലവും മറ്റു നടപടികളിലൂടെയും സമാഹരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

(ജി) ധനകാര്യകമ്മീഷന്റെ അവാർഡുവഴി നിർണ്ണയിക്കുന്ന തുക പദ്ധതിയേതര പ്രവർത്തനങ്ങളുടെ ചിലവിനാണ്. പദ്ധതി വിഹിതമാകട്ടെ പുതുക്കിയ ഗാഡ്ഗിൽ ഫോർമുലയനുസരിച്ചാണ് കണക്കാക്കുന്നത്.

(എച്ച്) അഖിലേന്ത്യാടിസ്ഥാനത്തിൽ 1986-87-ലെ മൊത്തം അടങ്കൽ തുക 39052 കോടി രൂപയാണ്. (ഇതിൽ കേന്ദ്രപദ്ധതിയുടെ അടങ്കൽ തുക 22300 കോടിയും സംസ്ഥാനങ്ങളുടെ അടങ്കൽ തുക 15880 കോടി രൂപയും കേന്ദ്രഭരണ പ്രദേശങ്ങളുടെ അടങ്കൽ 872 കോടി രൂപയുമാണ്).

(ഐ) അഖിലേന്ത്യാടിസ്ഥാനത്തിൽ 20.7% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ജെ) 1986-87-ലെ പദ്ധതി 1985-86 നേക്കാൾ 10% ത്തോളം കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(കെ) പഞ്ചാബ് ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ബീഹാറിനാണ് ഏറ്റവും കൂടുതൽ വർദ്ധനവ് ഉണ്ടായത്. ഈ വർദ്ധനവ് 35%മാണ്.

ശൈശവ വിവാഹനിരോധന നിയമം ലംഘിച്ചത്

* 8 [9] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, ടി. കെ. ഹംസ :
,, എം. ജിനദേവൻ :
,, സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശൈശവ വിവാഹ നിരോധന നിയമം ലംഘിച്ചതിന്റെ പേരിലും തന്റെ മകളുടെ ജനനത്തീയതി തിരുത്തിയതിന്റെ പേരിലും സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും അംഗം പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് ഏതെങ്കിലും കോടതി ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു മന്ത്രിക്ക് എതിരായി ; ഏതു കോടതി ഉത്തരവായി ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഈ വിഷയത്തെ സംബന്ധിച്ച് ഔദ്യോഗികമായ വിവരണമൊന്നും ഗവൺമെൻറിന് ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

വനഭൂമി

* 9 [10] കെ. എസ്. നാരായണൻ നമ്പൂതിരി :
,, മണിമംഗലത്തു കുട്ട്യാലി :
,, തോപ്പിൽ രവി :
,, കെ. കെ. ശ്രീനിവാസൻ :
,, എ. സി. ജോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാന ഗവൺമെൻറ് വക എത്ര ഹെക്ടർ വനഭൂമിയുണ്ട് ;

(ബി) ഈ ഭൂമി അന്യആളുകൾ കൈയേറാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഗവൺമെൻറ് സംരക്ഷണനടപടി അതിലംഘിച്ച് ഭൂമി കൈയേറിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) 1,122,114 ഹെക്ടർ വനഭൂമിയുണ്ട്. വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്ത വനഭൂമി കണക്കിലെടുത്താൽ ഫലത്തിൽ ഇപ്പോൾ 940,000 ഹെക്ടർ വനഭൂമിയേ ഉള്ളൂ.

(ബി) വനഭൂമി കൈയേറ്റം തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly